**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1263** **10-08-2023 - ൽ മറുപടിയ്ക്ക്**

**സിനിമാ നയരൂപീകരണ സമിതിയും ഹേമ കമ്മിറ്റി റിപ്പോർട്ടും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സിനിമാ നയം രൂപീകരിക്കാനായി സർക്കാർ നിയോഗിച്ച സമിതിയിൽ നിന്നും അംഗങ്ങൾ പിന്മാറാൻ ഇടയായ സാഹചര്യം എന്താണെന്നും പ്രസ്തുത വ്യക്തികളുമായി ആലോചിക്കാതെയാണോ സമിതി രൂപീകരിച്ചതെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ സിനിമാ നയം രൂപീകരിക്കുന്നതിനായി സിനിമാ മേഖലയിലെ എല്ലാ വിഭാഗങ്ങളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി രണ്ട് ദിവസം നീണ്ടുനിൽക്കുന്ന വിപുലമായ ഒരു യോഗം (സിനിമാ കോൺക്ലേവ്) ചേരുന്നതിന് ആലോചിച്ചിട്ടുണ്ട്. ഈ യോഗത്തിലാണ് സിനിമാ നയത്തിന്റെ കരട് അന്തിമമാക്കുക. പ്രസ്തുത കരട് നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ഭേദഗതികളോടെ നയമായി സർക്കാർ അംഗീകരിക്കുന്നതാണ്. പ്രസ്തുത ദ്വിദിന സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി പ്രശസ്ത ചലച്ചിത്ര സംവിധായകനും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാനുമായ ശ്രീ. ഷാജി.എൻ. കരുൺ അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി കൺവീനറും സിനിമയിലെ വിവിധ മേഖലകളിൽ പരിചയ സമ്പന്നരായവർ അംഗങ്ങളുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തങ്ങളുടെ ജോലി തിരക്കുകൾ കാരണം കമ്മിറ്റിയിൽ പ്രവർത്തിക്കുന്നതിന് അസൗകര്യമുണ്ടെന്ന് രണ്ടംഗങ്ങൾ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഹേമ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് പഠനം നടത്തുന്നതിന് പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ കൂടുതൽ പഠനം ആവശ്യമാണെന്ന് തീരുമാനിച്ചതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (ബി) | ഹേമ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് പഠനം നടത്തുന്നതിന് പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിട്ടില്ല. പ്രസ്തുത കമ്മിറ്റി കരട് സിനിമാനയം തയ്യാറാക്കുമ്പോൾ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റിയുടെ ശുപാർശകൾ കൂടി പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ അതിൽ ഉൾക്കൊള്ളിക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ